**മധുരമായ കുട്ടികളെ – ഈ അനാദി നാടകം കറങ്ങിക്കൊണ്ടേയിരിക്കുന്നു, ടിക്ക്-ടിക്ക് എന്ന് ചലിച്ചു കൊണ്ടിരിക്കുന്നു, ഇതിൽ ഒരാളുടെ പാർട്ട് മറ്റൊരാളുടെതുപോലെ ആയിരിക്കില്ല, ഇതിനെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി സദാ ഹർഷിതമായി കഴിയണം**

**ചോദ്യം:–** ഭഗവാൻ വന്നിരിക്കുകയാണെന്ന് ഏത് യുക്തി ഉപയോഗിച്ച് നിങ്ങൾക്ക് തെളിയിച്ച് പറയാൻ സാധിക്കും?

**ഉത്തരം:–** ഭഗവാൻ വന്നിരിക്കുകയാണ് എന്ന് ആരോടും നേരിട്ട് പറയരുത്, ഇങ്ങനെ പറയുകയാണെങ്കിൽ ആളുകൾ ചിരിക്കും, പരിഹസിക്കും. എന്തുകൊണ്ടെന്നാൽ ഇന്നത്തെ കാലത്ത് സ്വയം ഭഗവാനാണെന്ന് പറയുന്ന ധാരാളം പേരുണ്ട്. അതുകൊണ്ട് നിങ്ങൾ വളരെ യുക്തിയോടെ രണ്ടച്ഛൻമാരുടെ പരിചയം നൽകൂ. ഒന്ന് പരിധിയുള്ള അച്ഛൻ, രണ്ടാമത്തേത് പരിധിയില്ലാത്ത അച്ഛൻ. പരിധിയുള്ള അച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു, ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു, അപ്പോൾ അവർ മനസ്സിലാക്കും.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്, സൃഷ്ടി ഇതുതന്നെയാണ്. ബാബയ്ക്കും ഇവിടെ വരേണ്ടതായുണ്ട്, മനസ്സിലാക്കി തരാൻ വേണ്ടി. മൂലവതനത്തിലല്ല മനസ്സിലാക്കി തരിക. സ്ഥൂല വതനത്തിൽ തന്നെയാണ് മനസ്സിലാക്കി തരിക. ബാബയ്ക്കറിയാം കുട്ടികളെല്ലാം പതിതമാണ്. ഒന്നിനും കൊള്ളാതായിരിക്കുന്നു. ഈ ലോകത്തിൽ ദുഃഖം തന്നെ ദുഃഖമാണ്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നിങ്ങളിപ്പോൾ വിഷയ സാഗരത്തിൽ പെട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങൾ ക്ഷീരസാഗരത്തിലായിരുന്നു. വിഷ്ണുപുരിയെയാണ് ക്ഷീരസാഗരമെന്ന് പറയുന്നത്. ഇപ്പോൾ പാൽക്കടൽ ഇവിടെ ലഭിക്കില്ല. അതുകൊണ്ടാണ് കുളങ്ങൾ ഉണ്ടാക്കിയത്. അവിടെ പറയുന്നത് പാലിന്റെ പുഴകൾ ഒഴുകിയിരുന്നു, പശുക്കളും അവിടുത്തേത് ഫസ്റ്റ്ക്ലാസ്സ് ആണ്, വളരെ പ്രസിദ്ധമാണ്. ഇവിടെയാണെങ്കിൽ മനുഷ്യൻ തന്നെ രോഗിയായിരിക്കുന്നു, അവിടെയാണെങ്കിൽ പശുക്കൾ പോലും ഒരിക്കലും രോഗിയാകുന്നില്ല. ഫസ്റ്റ്ക്ലാസ്സായിരിക്കും. മൃഗങ്ങൾ മുതലായവയൊന്നും രോഗിയാകുന്നില്ല. ഇവിടെയും അവിടെയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇത് ബാബ മാത്രമാണ് വന്ന് പറഞ്ഞ് തരുന്നത്. ലോകത്തിൽ രണ്ടാമതാർക്കും അറിയില്ല. നിങ്ങൾക്കറിയാം ഇത് പുരുഷോത്തമ സംഗമയുഗമാണ്, എപ്പോഴാണോ ബാബ വന്ന് എല്ലാവരെയും തിരിച്ച് കൊണ്ട് പോകുന്നത്. ബാബ പറയുന്നു ഏതെല്ലാം കുട്ടികളുണ്ടോ ചിലർ അള്ളാഹുവിനെ, ചിലർ ഗോഡ് ഫാദറിനെ, ചിലർ ഭഗവാനെ തീർച്ചയായും വിളിക്കുന്നുണ്ട്. എനിക്ക് ധാരാളം പേരുകൾ വച്ചിട്ടുണ്ട്. നല്ലതോ മോശമോ ആയ എന്തെല്ലാം പേര് തോന്നിയോ അവ എനിക്ക് നൽകി. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്നിരിക്കയാണ്. ലോകത്തിന് ഇത് മനസ്സിലാക്കാൻ സാധിക്കില്ല. മനസ്സിലാക്കുന്നത് അവരാണ് ആരാണോ അയ്യായിരം വർഷങ്ങൾക്ക് മുൻപ് മനസ്സിലാക്കിയത്. അതുകൊണ്ടാണ് മഹിമയുള്ളത് കോടിയിൽ ചിലർ, ചിലരിലും ചിലർ. ഞാൻ ആരാണ്, എങ്ങനെയാണ്, കുട്ടികളെ എന്താണ് പഠിപ്പിക്കുന്നത്, അത് നിങ്ങൾ കുട്ടികൾ മാത്രമാണറിയുന്നത്, മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ഇതും നിങ്ങൾക്കറിയാം നമ്മൾ ഒരു സാകാരിയിൽ നിന്നുമല്ല പഠിക്കുന്നത്. നിരാകാരനാണ് പഠിപ്പിക്കുന്നത്. മനുഷ്യർ തീർച്ചയായും ആശയക്കുഴപ്പത്തിലാകും, നിരാകാരൻ മുകളിലല്ലേ, മുകളിലുള്ള ആൾ എങ്ങനെ പഠിപ്പിക്കും! നിങ്ങൾ നിരാകാര ആത്മാവും മുകളിലാണ് നിവസിക്കുന്നത്. പിന്നീടാണ് ഈ സിംഹാസനത്തിലേക്ക് വരുന്നത്. ഈ സിംഹാസനം നശിക്കുന്നതാണ്, ആത്മാവ് അകാലനാണ്. അതൊരിക്കലും മൃത്യു വരിക്കുന്നില്ല. ശരീരമാണ് മൃത്യു വരിക്കുന്നത്. ഇതാണ് ചൈതന്യ സിംഹാസനം. അമൃത്സറിലും അകാലസിംഹാസനമില്ലേ. അത് മരത്തിന്റെ സിംഹാസനമാണ്. ആ പാവങ്ങൾക്കറിയില്ല അകാലൻ ആത്മാവാണെന്ന്, അതിനെ ഒരിക്കലും കാലൻ വിഴുങ്ങുന്നില്ല. അകാലമൂർത്തിയായ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. അതിനും ശരീരം വേണ്ടേ. നിരാകാരനായ ബാബയ്ക്കും തീർച്ചയായും മനുഷ്യ രഥം ആവശ്യമാണ് എന്തുകൊണ്ടെന്നാൽ ബാബയാണ് ജ്ഞാനസാഗരൻ, ജ്ഞാനേശ്വരൻ. ഇപ്പോഴാണെങ്കിൽ ജ്ഞാനേശ്വരനെന്ന പേര് വളരെ പേർക്കുണ്ട്. സ്വയം ഈശ്വരനാണെന്നല്ലേ മനസ്സിലാക്കുന്നത്. കേൾപ്പിക്കുന്നത് ഭക്തിയുടെ ശാസ്ത്രങ്ങളുടെ കാര്യങ്ങളും. പേര് വയ്ക്കുന്നു ജ്ഞാനേശ്വരൻ അർത്ഥം ജ്ഞാനം കേൾപ്പിക്കുന്ന ഈശ്വരൻ. അത് ജ്ഞാന സാഗരനായിരിക്കണം. അവരെ തന്നെയാണ് ഗോഡ് ഫാദറെന്ന് പറയുന്നത്. ഇവിടെയാണെങ്കിൽ നിരവധി ഭഗവാൻമാരായിരിക്കുന്നു. എപ്പോഴാണോ വളരെ ഗ്ലാനി സംഭവിക്കുന്നത്, വളരെ ദരിദ്രരാകുന്നത്, ദുഃഖിയാകുന്നത് അപ്പോൾ തന്നെയാണ് ബാബ വരുന്നത്. ബാബയെ പറയുന്നത് ദരിദ്രരിൽ നിവസിക്കുന്നവനെന്നാണ്. അവസാനം ആ ദിവസവും വരുന്നു, ദരിദ്രരുടെ നാഥനായ ബാബ വരുന്നു.

കുട്ടികൾക്കുമറിയാം ബാബ വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. അവിടെയാണെങ്കിൽ അളവില്ലാത്ത ധനമുണ്ടാകും. പണം ഒരിക്കലും എണ്ണാറില്ല. ഇവിടെ കണക്കെടുക്കുന്നുണ്ട്, ഇത്രയും കോടി പതിനായിരം കോടി ചിലവായി. അവിടെ ഈ പേര് തന്നെ ഉണ്ടായിരിക്കില്ല, അളവില്ലാത്ത ധനം ഉണ്ടായിരിക്കും.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്നിരിക്കുന്നു, നമ്മളെ നമ്മുടെ വീട്ടിലേക്ക് കൊണ്ട് പോകുന്നതിന് വേണ്ടി. കുട്ടികൾ തന്റെ വീടിനെ മറന്നിരിക്കുന്നു. ഭക്തി മാർഗ്ഗത്തിലെ ചതികൾ അനുഭവച്ചുകൊണ്ടിരിക്കുന്നു, ഇതിനെയാണ് പറയുന്നത് രാത്രി. ഭഗവാനെ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു, എന്നാൽ ഭഗവാനെ ആർക്കും ലഭിക്കുന്നില്ല. ഇപ്പോൾ ഭഗവാൻ വന്നിരിക്കുന്നു, ഇതും നിങ്ങൾ കുട്ടികളാണ് അറിയുന്നത്, നിശ്ചയവുമുണ്ട്. എല്ലാവർക്കും പക്കാ നിശ്ചയമുണ്ട് എന്നുമല്ല. ഏതെങ്കിലുമൊക്കെ സമയത്ത് മായ മറപ്പിക്കുന്നു, അപ്പോഴാണ് ബാബ പറയുന്നത് ആശ്ചര്യത്തോടെ എന്നെ കാണുന്നു, എന്റേതായി മാറുന്നു, മറ്റുള്ളവരെ കേൾപ്പിക്കുന്നു, അല്ലയോ മായേ നീ എത്ര ശക്തിശാലിയാണ്. അവരെ പിന്നീട് ഓടിച്ച് വിടുന്നു. ഓടിപ്പോകുന്നവർ ധാരാളമുണ്ട്. വിട നൽകി പോകുന്നു. പിന്നീട് അവർ എവിടെ പോയി ജന്മമെടുക്കും! വളരെ ചെറിയ ജന്മം നേടും. പരീക്ഷയിൽ തോറ്റ് പോകുന്നു. ഇതാണ് മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിനുള്ള പരീക്ഷ. എല്ലാവരും നാരായണനാകുമെന്ന് ബാബ പറയില്ല. ഇല്ല, ആര് നല്ല പുരുഷാർത്ഥം ചെയ്യുന്നോ, അവർ പദവിയും നല്ലത് നേടും. ബാബ മനസ്സിലാക്കുന്നുണ്ട് ആരെല്ലാമാണ് നല്ല പുരുഷാർത്ഥികൾ – അവർ മറ്റുള്ളവരെയും മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യിക്കുന്നു. അർത്ഥം ബാബയുടെ പരിചയം നൽകുന്നു. ഇന്നത്തെകാലത്ത് വാദിക്കുന്ന സമയത്ത് എത്ര മനുഷ്യരാണ് സ്വയം തന്നെ ഭഗവാനെന്ന് പറഞ്ഞു കൊണ്ടിരിക്കുന്നത്. നിങ്ങളെ അബലകളെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ അവർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കും ഭഗവാൻ വന്നിരിക്കുന്നുവെന്ന്, നേരിട്ട് ഭഗവാൻ വന്നിരിക്കുന്നുവെന്ന് ആരോട് പറഞ്ഞാലും അതൊരിക്കലും അംഗീകരിക്കില്ല അതുകൊണ്ട് മനസ്സിലാക്കി കൊടുക്കുന്നതിന്റെ യുക്തി വേണം. ഇങ്ങനെ ഒരിക്കലും ആരോടും പറയരുത് അതായത് ഭഗവാൻ വന്നിരിക്കുന്നു. അവർക്ക് മനസ്സിലാക്കി കൊടുക്കണം നിങ്ങൾക്ക് രണ്ടച്ഛൻമാരുണ്ട്. ഒന്നാണ് പരിധിയില്ലാത്ത പാരലൗകിക പിതാവ്, രണ്ടാമത്തെതാണ് പരിധിയുള്ള ലൗകിക പിതാവ്. നല്ലരീതിയിൽ പരിചയം കൊടുക്കണം, അതിലൂടെ മനസ്സിലാക്കണം ഇവർ ശരിയാണ് പറയുന്നത്. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് എങ്ങനെയുള്ള സമ്പത്താണ് ലഭിക്കുന്നത് – ഇത് ആർക്കും അറിയില്ല. സമ്പത്ത് ലഭിക്കുന്നത് അച്ഛനിൽ നിന്ന് തന്നെയാണ്. മറ്റാരും ഇങ്ങനെ പറയില്ല – മനുഷ്യന് രണ്ടച്ഛൻമാരുണ്ട്. നിങ്ങൾ തെളിയിച്ച് പറഞ്ഞ് കൊടുക്കുന്നു, പരിധിയുള്ള ലൗകിക അച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്തും പാരലൗകിക പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്തത് അർത്ഥം പുതിയ ലോകത്തിന്റെ സമ്പത്തും ലഭിക്കുന്നു. പുതിയ ലോകമാണ് സ്വർഗ്ഗം, അതാണെങ്കിൽ എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ തന്നെയാണ് തരുന്നത്. ആ ബാബ തന്നെയാണ് പുതിയ ലോകം രചിക്കുന്നത്. അല്ലാതെ കേവലം നിങ്ങൾ പറയുകയാണ് ഭഗവാൻ വന്നിരിക്കുകയാണ് – എങ്കിൽ ഒരിക്കലും അംഗീകരിക്കില്ല, കൂടുതൽ പരിഹസിക്കും. കേൾക്കുകയേയില്ല. സത്യയുഗത്തിൽ മനസ്സിലാക്കി കൊടുക്കേണ്ടതില്ല. മനസ്സിലാക്കി കൊടുക്കേണ്ടത് അപ്പോഴാണ് എപ്പോഴാണോ ബാബ വന്ന് ശിക്ഷണം നൽകുന്നത്. സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല, ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. അപ്പോൾ ആ പാരലൗകിക പിതാവിനെ തന്നെയാണ് പറയുന്നത് ദുഃഖഹർത്താവ് സുഖകർത്താവെന്ന്. ദുഃഖത്തിൽ നിന്ന് മുക്തമാക്കി പിന്നീട് വഴികാട്ടിയായി തന്റെ മധുരമായ വീട്ടിലേക്ക് കൊണ്ട് പോകുന്നു. അതിനെ പറയും മധുരമായ ശാന്തിയുടെ വീട്. അവിടേക്ക് നമ്മളെങ്ങനെ പോകും – ഇതാർക്കും അറിയില്ല. രചയിതാവിന്റെയും, രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെയും  അറിയുന്നില്ല. നിങ്ങൾക്കറിയാം നമ്മളെ ബാബ നിർവ്വാണധാമത്തിലേക്ക് കൊണ്ട് പോകുന്നതിന് വേണ്ടി വന്നിരിക്കുന്നു. എല്ലാ ആത്മാക്കളെയും കൊണ്ട് പോകും. ഒരാളെ പോലും ഉപേക്ഷിക്കില്ല. അതാണ് ആത്മാക്കളുടെ വീട്, ഇതാണ് ശരീരത്തിന്റ വീട്. അതുകൊണ്ട് ഏറ്റവും ആദ്യം ബാബയുടെ പരിചയം കൊടുക്കണം. അതാണ് നിരാകാരനായ അച്ഛൻ, അവരെ പരമപിതാവെന്നും പറയുന്നു. പരമപിതാവെന്ന അക്ഷരം കൃത്യവും മധുരവുമാണ്. കേവലം ഭഗവാൻ, ഈശ്വരനെന്ന് പറയുന്നതിലൂടെ സമ്പത്തിന്റെ സുഗന്ധം വരുന്നില്ല. നിങ്ങൾ പരംപിതാവിനെ ഓർമ്മിക്കുകയാണെങ്കിൽ സമ്പത്ത് ലഭിക്കുന്നു. അച്ഛനല്ലേ. ഇതും കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് സത്യയുഗമാണ് സുഖധാമം. സ്വർഗ്ഗത്തെ ശാന്തിധാമമെന്ന് പറയില്ല.  എവിടെയാണോ ആത്മാക്കൾ വസിക്കുന്നത് അതാണ് ശാന്തിധാമം . ഇത് തീർത്തും പക്കാ ആക്കിമാറ്റൂ.

ബാബ പറയുന്നു – കുട്ടികളെ, നിങ്ങൾക്ക് ഈ വേദം-ശാസ്ത്രം മുതലായവ പഠിക്കുന്നതിലൂടെ യാതൊരു പ്രാപ്തിയും ഉണ്ടാകുന്നില്ല. ശാസ്ത്രം പഠിക്കുന്നതേ ഭഗവാനെ നേടാൻ വേണ്ടിയാണ് എന്നാൽ ഭഗവാൻ പറയുന്നു എന്നെ ആർക്കും ശാസ്ത്രം പഠിക്കുന്നതിലൂടെ ലഭിക്കുന്നില്ല. എന്നെ ഇവിടേക്ക് വിളിക്കുന്നത്

തന്നെ വന്ന് ഈ പതിത ലോകത്തെ പാവനമാക്കാനാണ്. ഈ കാര്യങ്ങൾ ആരും മനസ്സിലാക്കുന്നില്ല, കല്ലുബുദ്ധികളല്ലേ. സ്കൂളിൽ കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ പറയാറില്ലേ നീ ഒരു കല്ലുബുദ്ധിയാണ്. സത്യയുഗത്തിൽ ഇങ്ങനെ പറയില്ല. പവിഴബുദ്ധിയാക്കുന്നത് പരമപിതാവായ പരിധിയില്ലാത്ത ബാബ മാത്രമാണ്. ഈ സമയം നിങ്ങളുടെ ബുദ്ധിയാണ് പവിഴം എന്തുകൊണ്ടെന്നാൽ നിങ്ങൾ ബാബയോടൊപ്പമാണ്. പിന്നീട് സത്യയുഗത്തിൽ ഓരോ ജന്മത്തിലും ഇത്രയും അല്പ വ്യത്യാസമെങ്കിലും തീർച്ചയായും ഉണ്ടാകുന്നു. 1250 വർഷത്തിൽ 2 കല കുറയുന്നു. സെക്കന്റ് ബൈ സെക്കന്റ് 1250 വർഷത്തിൽ കല കുറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ജീവിതം ഈ സമയം തീർത്തും സമ്പൂർണ്ണമാക്കണം. ബാബയ്ക്ക് സമാനം ജ്ഞാനത്തിന്റെ സാഗരനും, സുഖ-ശാന്തിയുടെ സാഗരനും ആകുന്നത് വരെ. എല്ലാ സമ്പത്തും എടുക്കുന്നു. ബാബ വരുന്നത് തന്നെ സമ്പത്ത് തരാൻ വേണ്ടിയാണ്. ഏറ്റവും ആദ്യം നിങ്ങൾ ശാന്തിധാമത്തിലേക്ക് പോകുന്നു, പിന്നീട് സുഖധാമത്തിലേക്ക് പോകുന്നു. ശാന്തിധാമത്തിൽ ശാന്തി തന്നെയാണുള്ളത്. പിന്നീട് സുഖധാമത്തിലേക്ക് പോകുന്നു, അവിടെ അൽപം പോലും അശാന്തിയുടെ കാര്യമില്ല. പിന്നീട് താഴേക്ക് ഇറങ്ങേണ്ടതായുണ്ട്. ഓരോ മിനിറ്റും നിങ്ങളുടെ ഇറക്കമുണ്ടാകുന്നു. പുതിയ ലോകത്തിൽ നിന്ന് പഴയതായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ബാബ പറഞ്ഞിട്ടുണ്ടായിരുന്നത് കണക്കെടുക്കൂ, 5000 വർഷത്തിൽ ഇത്ര മാസം, ഇത്ര മണിക്കൂർ. . . അപ്പോൾ മനുഷ്യർ അദ്ഭുതപ്പെടും. ഈ കണക്ക് പൂർണ്ണമായും പറഞ്ഞ് തന്നിട്ടുണ്ട്. കൃത്യമായ കണക്കെഴുതണം, ഇതിൽ അൽപം പോലും വ്യത്യാസമുണ്ടാകുക സാധ്യമല്ല. ഓരോ മിനിറ്റും ടിക്ക്-ടിക്ക് എന്ന് നടന്നുകൊണ്ടിരിക്കുന്നു. മുഴുവൻ റീലും ആവർത്തിക്കുന്നു, കറങ്ങി-കറങ്ങി വീണ്ടും റോളാകുന്നു, വീണ്ടും അത് തന്നെ ആവർത്തിക്കും. ഈ വലിയ റോൾ വളരെ അദ്ഭുതകരമാണ്. ഇതിനെ അളക്കാൻ സാധിക്കില്ല. മുഴുവൻ ലോകത്തിന്റെ ഏതൊരു പാർട്ടാണോ നടക്കുന്നത്, ടിക്ക്-ടിക്ക് എന്ന് നടന്നുകൊണ്ടിരിക്കുന്നു. ഒരു സെക്കന്റ് മറ്റൊന്നു പോലെയായിരിക്കില്ല. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. ലോകത്തിൽ നടക്കുന്നത് പരിധിയുള്ള നാടകമാണ് ഇതാണ് പരിധിയില്ലാത്ത നാടകം. ഇതൊരു അവിനാശീ നാടകമാണെന്ന് മുൻപ് നിങ്ങൾ അറിഞ്ഞിട്ടേ ഉണ്ടായിരുന്നില്ല. ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും. . . . എന്താണോ നടക്കേണ്ടത് അതാണ് നടക്കുന്നത്. പുതിയ കാര്യമല്ല. അനേകം പ്രാവശ്യം സെക്കന്റ് ബൈ സെക്കന്റ് ഈ നാടകം ആവർത്തിച്ച് വന്നതാണ്. മറ്റാർക്കും ഈ കാര്യങ്ങളെ മനസ്സിലാക്കി തരാൻ സാധിക്കില്ല. ഏറ്റവും ആദ്യം ബാബയുടെ പരിചയം കൊടുക്കണം, പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. ബാബയുടെ ഒരേ ഒരു പേരാണ് ശിവൻ. ബാബ പറയുന്നു ഞാൻ വരുന്നതേ അപ്പോഴാണ് എപ്പോഴാണോ അതി ധർമ്മ ഗ്ലാനി സംഭവിക്കുന്നത്, ഇതിനെയാണ് പറയുന്നത് ഘോര കലിയുഗം. ഇവിടെ വളരെ ദുഃഖമാണുള്ളത്. പലരുണ്ട്, അവർ ഇങ്ങനെ പറയുന്നു ഇങ്ങനെയുള്ള ഘോര കലിയുഗത്തിൽ എങ്ങനെ പവിത്രമായിരിക്കാൻ സാധിക്കും! എന്നാൽ അവർക്ക് ഈ കാര്യമറിയില്ല പവിത്രമാക്കി മാറ്റുന്ന ആൾ ആരാണ്? ബാബ തന്നെയാണ് സംഗമത്തിൽ വന്ന് പവിത്ര ലോകം സ്ഥാപിക്കുന്നത്. അവിടെ സ്ത്രീയും-പുരുഷനും രണ്ട് പേരും പവിത്രമായി കഴിയുന്നു. ഇവിടെ രണ്ട് പേരും അപവിത്രമാണ്. ഇത് തന്നെയാണ് അപവിത്ര ലോകം. അതാണ് പവിത്ര ലോകം-സ്വർഗ്ഗം, ഹെവൻ. ഇതാണ് പാതാളം, നരകം, ഹെൽ. നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. മനസ്സിലാക്കി കൊടുക്കുന്നതിലും പരിശ്രമമുണ്ട്. പാവപ്പെട്ടവർ പെട്ടെന്ന് മനസ്സിലാക്കുന്നു. ദിനം-പ്രതിദിനം വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു, പിന്നീട് കെട്ടിടവും അത്രയും വലുത് വേണം. ഇത്രയും കുട്ടികൾ വരും എന്തുകൊണ്ടെന്നാൽ ബാബ ഇപ്പോൾ മറ്റെവിടേക്കും പോകില്ല. മുൻപാണെങ്കിൽ ആരോടും ഒന്നും പറയാതെ ബാബ സ്വയം തന്നെ പോയിരുന്നു. ഇപ്പോൾ കുട്ടികൾ ഇങ്ങോട്ട് വന്നുകൊണ്ടിരിക്കും. തണുപ്പിൽ പോലും വരേണ്ടിവരും. പദ്ധതികൾ ഉണ്ടാക്കേണ്ടി വരും. ഇന്ന-ഇന്ന സമയത്തിൽ വരൂ, പിന്നീട് തിരക്കുണ്ടാകില്ല. എല്ലാവർക്കും ഒരുമിച്ച് ഒരേ സമയത്ത് വരാൻ സാധിക്കില്ല. കുട്ടികൾ വർദ്ധിച്ചുകൊണ്ടിരിക്കും. ഇവിടെ കുട്ടികൾ ചെറിയ ചെറിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നു, അവിടെയാണെങ്കിൽ ധാരാളം കൊട്ടാരങ്ങൾ ലഭിക്കും. ഇതാണെങ്കിൽ കുട്ടികൾക്കറിയാം - പണമെല്ലാം മണ്ണിനടിയിൽ പോകും. വളരെ പേർ വലിയ കുഴികൾ കുഴിച്ച് അതിൽ പോലും വയ്ക്കുന്നുണ്ട്. പിന്നീട് ഒന്നുകിൽ കള്ളനെടുക്കും, അല്ലെങ്കിൽ കുഴികളുടെ ഉള്ളിൽ തന്നെ ഇരിക്കുന്നു, പിന്നീട് വയൽ കിളക്കുന്ന സമയം ധനം പുറത്ത് വരുന്നു. ഇപ്പോൾ വിനാശമുണ്ടാകും, എല്ലാം അടിയിലേക്ക് പോകും. പിന്നീട് അവിടെയെല്ലാം പുതിയത് ലഭിക്കും. ഇങ്ങനെയുള്ള വളരെ രാജാക്കൻമാരുടെ കോട്ടയുണ്ട്, അവിടെ ധാരാളം സാധനങ്ങൾ പൂഴ്ത്തി വച്ചിട്ടുണ്ട്. വലിയ-വലിയ വജ്രങ്ങൾ പോലും പുറത്ത് വരുന്നുണ്ട്. അപ്പോൾ ആയിരങ്ങളുടെയും-ലക്ഷങ്ങളുടെയും സമ്പാദ്യമാകുന്നു. പക്ഷേ നിങ്ങൾ സ്വർഗ്ഗത്തിൽ ഇങ്ങനെ കുഴിച്ചല്ല വജ്രം മുതലായവയൊന്നും കണ്ടെത്തുക. അങ്ങനെയല്ല, അവിടെ ഓരോവസ്തുവിന്റെയും ഖനികൾ മുതലായവയെല്ലാം പുതിയത് നിറഞ്ഞിരിക്കും. ഇവിടെ ഗുണമില്ലാത്ത ഭൂമിയാണ് അതുകൊണ്ട് ശക്തി തന്നെയില്ല. വിത്ത് ഏതാണോ വിതയ്ക്കുന്നത് അതിൽ ശക്തിയില്ല. അഴുക്ക് പിടിച്ച അശുദ്ധസാധനങ്ങൾ

ഇടുന്നു. അവിടയാണെങ്കിൽ ഒരു അശുദ്ധ സാധനത്തിന്റെയും പേരേ ഉണ്ടായിരിക്കില്ല. സർവ്വതും പുതിയതായിരിക്കും. സ്വർഗ്ഗത്തിന്റെ സാക്ഷാത്ക്കാരം കുട്ടികൾ ചെയ്ത് വരുന്നുണ്ട്. അവിടുത്ത സൗന്ദര്യം നാചഥലാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ആ ലോകത്തിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഈ സമയം തന്നെ ബാബയ്ക്ക് സമാനം സമ്പൂർണ്ണമായി പൂർണ്ണമായ സമ്പത്തെടുക്കണം. ബാബയുടെ എല്ലാ ശിക്ഷണങ്ങളെയും സ്വയം ധാരണ ചെയ്ത് ബാബയ്ക്ക് സമാനം ജ്ഞാനത്തിന്റെ സാഗരനും സുഖ-ശാന്തിയുടെ സാഗരനുമാകണം.

2. ബുദ്ധിയെ പവിഴമാക്കുന്നതിന് വേണ്ടി പഠിപ്പിൽ പരിപൂർണ്ണമായ ശ്രദ്ധ നൽകണം. നിശ്ചയബുദ്ധിയായി മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിന്റെ പരീക്ഷ വിജയിക്കണം.

## വരദാനം:- നിശ്ചിതമായ വിജയത്തിന്റെ ലഹരിയിലിരുന്ന് ബാബയുടെ കോടി മടങ്ങ് സഹായം പ്രാപ്തമാക്കുന്ന മായാജീത്തായി ഭവിക്കട്ടെ.

ബാബയുടെ കോടി മടങ്ങ് സഹായത്തിന് പാത്രമായ കുട്ടികൾ മായയുടെ യുദ്ധത്തോട് വെല്ലുവിളിക്കുന്നു, അതായത് താങ്കളുടെ ജോലിയാണ് വരികയെന്നത്, ഞങ്ങളുടെ ജോലിയാണ് വിജയം പ്രാപ്തമാക്കുകയെന്നതും. അവർ മായയുടെ സിംഹരൂപത്തെ ഉറുമ്പായി മനസ്സിലാക്കുന്നു എന്തുകൊണ്ടെന്നാൽ അറിയാം ഈ മായയുടെ രാജ്യം ഇപ്പോൾ സമാപ്തമാകേണ്ടതാണ്, നമ്മൾ അനേക പ്രാവശ്യത്തെ വിജയീ ആത്മാക്കളുടെ വിജയം 100% ഉറപ്പാണ്. ഈ നിശ്ചിതമാണ് എന്ന ലഹരി ബാബയുടെ കോടി മടങ്ങ് സഹായത്തിന്റെ അധികാരം പാത്രമാക്കിത്തരുന്നു. ഈ ലഹരിയിലൂടെ സഹജമായിത്തന്നെ മായാജീത്തായി മാറുന്നു.

## സ്ലോഗൻ:- സങ്കൽപ്പശക്തിയെ സമാഹരിച്ച് സ്വയത്തിന് വേണ്ടിയും വിശ്വത്തിന് വേണ്ടിയും ഇതിന്റെ പ്രയോഗം ചെയ്യൂ.